# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## അടിസ്ഥാനവിവരങ്ങൾ:

1. വിദ്യാലയത്തിന്റെ പേര് : സെന്റ് ലൂക്ക്സ് എൽ.പി.സ്കൂൾ പൂഴിക്കോൽ
   വിലാസം : പൂഴിക്കോൽ പി.ഒ. കടുത്തുരുത്തി (വഴി), കോട്ടയം . 686604
   ഫോൺ : 9400782234
2. സ്കൂൾ കോഡ് : 45316
3. വിദ്യാഭ്യാസ ഉപജില്ല : കുറവിലങ്ങാട്
4. വിദ്യാഭ്യാസ ജില്ല : കടുത്തുരുത്തി
5. റവന്യൂ ജില്ല : കോട്ടയം
6. ബി.ആർ.സി : കുറവിലങ്ങാട്
7. സി.ആർ.സി : മുളക്കുളം (പെരുവ)
8. ഗ്രാമപഞ്ചായത്ത് : മുളക്കുളം (11-ാം വാർഡ്)
9. ബ്ലോക്ക് പഞ്ചായത്ത് : കടുത്തുരുത്തി
10. ജില്ലാ പഞ്ചായത്ത് : കോട്ടയം
11. നിയമസഭാമണ്ഡലം : കടുത്തുരുത്തി
12. ലോകസഭാമണ്ഡലം : കോട്ടയം
13. താലൂക്ക് : വൈക്കം
14. വില്ലേജ് : കടുത്തുരുത്തി
15. ഇ.മെയിൽ : stlukeslpspoozhikol@gmail.com

## I ആമുഖം:

കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു.

കാരിക്കാകുഴി എന്ന് അറിയപ്പെട്ടിരുന്ന ഈ പ്രദേശത്ത് 1945-ൽ എത്തിച്ചേർന്ന ബഹു. മണ്ണേൽ ലൂക്കോസച്ചൻ ഇന്നാട്ടിലെ ദരിദ്രരും കൂലിപ്പണിക്കാരുമായ ജനത്തിന് വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യമില്ലാതിരുന്ന അവസ്ഥയിൽ സ്വന്തമായി സ്ഥലം വാങ്ങി സ്കൂൾ കെട്ടിടം നിർമ്മിച്ച് 1951 ജൂൺ മാസം ഈ എൽ.പി. സ്കൂൾ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

## II ലക്ഷ്യങ്ങൾ :-

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവുമായ വിദ്യാഭ്യാസം മുഴുവൻ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധം ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി സാക്ഷാത്കരിക്കുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അദ്ധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധം വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

III വിദ്യാലയത്തിന്റെ ചരിത്രം:

ബഹു. മാനുവൽ ലൂക്കോസച്ചന്റെ അധ്വാനപരിശ്രമഫലമാണ് 1951-ൽ സ്ഥാപിതമായ ഈ വിദ്യാലയം. ഇതിനുമുമ്പ് ഇന്നാട്ടിലെ ദരിദ്രരും കൂലിപ്പണിക്കാരുമായ ആളുകൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യം ഇല്ലായിരുന്നു. 1950-ൽ ബഹുമാന്യ മാനുവൽ ലൂക്കോസച്ചൻ സ്ഥലം വാങ്ങി സ്കൂൾ കെട്ടിടം നിർമ്മിച്ച് 1951 ജൂൺ മാസം ഒന്നാം തീയതി എൽ.പി. സ്കൂൾ പ്രവർത്തനം തുടങ്ങി. യാത്രാസൗകര്യങ്ങളില്ലാതിരുന്ന ഈ പ്രദേശത്തിലേയ്ക്ക് കടുത്തുരുത്തി, ആപ്പാഞ്ചിറ, കീഴൂർ, അറുനൂറ്റിമംഗലം എന്നീ സമീപ പ്രദേശങ്ങളുമായി റോഡുകൾ നിർമ്മിച്ചതും അച്ചന്റെ പരിശ്രമഫലമായിരുന്നു. ഇത് മേല്പറഞ്ഞ സ്ഥലങ്ങളിൽ നിന്നും ധാരാളം ആളുകൾക്ക് ഈ സ്കൂളിൽ നിന്നും വിദ്യ നേടുന്നതിന് വളരെ സഹായകരമായിരുന്നു. 1954-ൽ ഇത് ഒരു പൂർണ്ണ ലോവർ പ്രൈമറി സ്കൂളായി മാറി. പിന്നീട് ബഹു. മാനുവലച്ചൻ ഈ സ്കൂൾ കോട്ടയം രൂപതയ്ക്ക് നൽകുകയും തുടർന്ന് 2001-ൽ ഈ സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്തു. 2011- ജൂൺ മാസത്തിൽ ഈ സ്കൂളിനോടനുബന്ധിച്ച് ഗവൺമെന്റ് അംഗീകാരമുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു. ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയവർ വിവിധ മേഖലകളിൽ (തലങ്ങളിൽ) പ്രശോഭിച്ചിരുന്നു എന്നത് എടുത്തുപറയുന്നു.

## IV വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്:

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം'. 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്.' ഇവ സാക്ഷാത്കരിക്കപ്പെടുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.

2. പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സംജാതമാകൽ.

3. ശുചിത്വം, ദീനാനുകമ്പ, സഹായമനസ്കത തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിന് കുറേക്കൂടി സാഹചര്യം സൃഷ്ടിക്കൽ.

4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ നേടുന്നതരത്തിൽ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5. പരിസ്ഥിതിക്ക് അനുയോജ്യമായി ജീവിക്കാനും; വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധം ഉണ്ടാകാനും; പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന ഒരു പ്രവൃത്തിയും ചെയ്യില്ലെന്നു പ്രതിജ്ഞയെടുക്കാനും; സ്വയം പരിസ്ഥിതിയെ സംരക്ഷിക്കുവാൻ കടമയുണ്ടെന്നുമുള്ള അവബോധം രൂപപ്പെടൽ.

## V പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ :

1. എസ്. ആർ. ജി. യോഗത്തിൽ 'പുതിയതാഴ സെന്റ് ലൂക്സ് എൽ. പി. സ്കൂൾ - വിഷൻ 2030' എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, SMC, PTA, MPTA പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## VI നിലവിലെ അവസ്ഥാവിശകലനം :

എ) ഭൗതികം - നേട്ടങ്ങൾ

സ്കൂളിന്റെ സുവർണ്ണജൂബിലിയുടെ ഭാഗമായി എം.പി. ഫണ്ട് ഉപയോഗിച്ച് ഒരു 'ഓപ്പൺ സ്റ്റേജ്' നിർമ്മിച്ചിട്ടുണ്ട്. എം. എൽ. എ ഫണ്ടുപയോഗിച്ച് ഒരു ശൗചാലയവും പണി കഴിപ്പിച്ചിട്ടുണ്ട്.

ബി) ഭൗതികം - പരിമിതികൾ

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ രീതിയിലുള്ള സൗകര്യങ്ങൾ ഇല്ല. ശൗചാലയങ്ങൾ ആധുനിക രീതിയിലുള്ളതല്ല. ഭോജനശാല ആവശ്യമാണ്. ആകർഷകമായ രീതിയിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

vi) അക്കാദമികം - നേട്ടങ്ങൾ:

നാലാം ക്ലാസ്സിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷാവിഷയങ്ങൾ വായിക്കാനും എഴുതാനും അറിയാം. ദിനാചരണങ്ങളുടെ ഭാഗമായി ക്ലാസ്സുതല പതിപ്പുകൾ കുട്ടികൾ തയ്യാറാക്കുന്നു. വിസി.എൽ-ഐ.ക്യൂ സ്കോളർഷിപ്പിൽ പങ്കെടുത്ത കുട്ടികൾക്ക് 'A' ഗ്രേഡും 'A+' ഗ്രേഡും 'A++' ഗ്രേഡും ക്യാഷ് അവാർഡും ലഭിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ടിൽ നിന്നും ലഭിച്ച കമ്പ്യൂട്ടർ ഉപയോഗിച്ച് കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് ഉപയോഗിച്ച് പരമാവധി ICT സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്.

vii) അക്കാദമികം - പരിമിതികൾ:

L.S.S പോലെയുള്ള മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും അഭിവൃദ്ധിപ്പെടാനുണ്ട്. സ്കൂൾ ലൈബ്രറി നവീകരണം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. കലാകായിക പരിശീലനത്തിന് വിദഗ്ദ്ധരായ അധ്യാപകരുടെ സേവനം ആവശ്യമായിട്ടുണ്ട്. സ്മാർട്ട് റൂമിന്റെ അഭാവം എടുത്തു പറയേണ്ടതായിട്ടുണ്ട്. സ്കൂൾവാഹനത്തിന്റെ കുറവും പരിമിതികളിൽ പെടുന്നു.

## VII വികസനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ -
(മുൻഗണനാക്രമത്തിൽ :-

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- ജൈവവൈവിധ്യപാർക്ക്
- സാഹിത്യ പോഷണ പരിപാടി
- പഠനയാത്രകൾ
- കലാ കായിക മേള
- ഐ.ടി. പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി.ടി.എ സജീവമാക്കൽ
- സ്കൂൾ പത്രം/മാസിക
- പ്രവൃത്തി പരിചയപഠനം
- ഒന്നാം ക്ലാസ്സ് ഒന്നാം തരം
- എസ്. ആർ. ജി ശാക്തീകരണം
- പച്ചക്കറിത്തോട്ടം
- രചനാശില്പശാല
- ഗണിത ലാബ്
- ഭാഷാലാബ്
- ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ
- ദിനാചരണം
- കായികപഠനം

### ഭൗതികം

- ചിൽഡ്രൻസ് പാർക്ക്
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ
- ജന്മദിനത്തിനൊരു സമ്മാനം - പുസ്തകം
- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എന്റെ ചെടി എനിക്കും പറയാനുണ്ട്.
- ടെക് മേള

### സാമൂഹികം

- പി.ടി.എ ശാക്തീകരണം
- എസ്. എം. സി. ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസനസമിതി
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസപ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ്സ് പി.ടി.എ ഉപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.
- പ്രാദേശിക പി.ടി.എ.
- ഭവന സന്ദർശനം.

9

## മികവുകൾ, നേട്ടങ്ങൾ

| നടപ്പു വർഷം | മുൻവർഷം. |
|---|---|
| Δ ടാലന്റ് ലാബ്: ഇതിൽ പരിശീലനം സിദ്ധിച്ച പ്രതിഭകളിൽ ഒരു കുട്ടിക്ക് ഉപജില്ലാ കലോത്സവത്തിൽ ലളിതഗാനത്തിന് 'A' ഗ്രേഡോടെ രണ്ടാം സ്ഥാനം ലഭിച്ചു. മറ്റൊരു കുട്ടിക്ക് ചിത്രരചന പെൻസിൽ, ജലച്ചായം എന്നിവയിൽ 'A' ഗ്രേഡ് ലഭിച്ചു. വേറെ ഇനങ്ങളിൽ 4 എണ്ണത്തിന് 'B' ഗ്രേഡും ഒരിനത്തിന് 'C' ഗ്രേഡും ലഭിച്ചു. സ്കൂളിന് 28 പോയിന്റ് ലഭിക്കുകയുണ്ടായി. | * സ്കൂൾ അസംബ്ലികളിൽ പ്രീ പ്രൈമറി കുട്ടികൾ വരെ മറ്റുള്ളവർക്കായി മാ:പാഠം. മായി മുന്നിട്ടു നിന്ന വാല്ലികൊണ്ടു ആകർഷണമായി. |
| * Spoken English. | * സി. സി. എൽ ഐക്യൂ. സ്കോളർഷിപ്പ് മത്സരത്തിൽ നിരക്കാവർന്ന വിജയം 'A' ഗ്രേഡ്, 'A+' ഗ്രേഡ്, 'A++' ഗ്രേഡും ക്യാഷ് അവാർഡും ലഭിച്ചിട്ടുണ്ട്. |
| * House visit | * ഒട്ടു മിക്ക കുട്ടികളുടെയും വീടുകളിൽ സന്ദർശനം നടത്തി |
| * നൃത്ത പരിശീലനം. | * പച്ചക്കറിത്തോട്ടം |
| | * നൃത്ത പരിശീലനം. |

നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

I പി.ടി.എ

1. maju mathew [PTA President]
2. sabitha Rajeesh
3. Prajeesh kumar
4. Arun kumar KP
5. lakshmi sreenivas
6. Anju Prakashan
7. Athulya Baby
8. Jobina MA
9. Helan Biju
10. ligimol George
11. Jeena Mathew

II എം.പി.ടി.എ പ്രസിഡന്റ്

1. Asha Amal

III Noon Feeding

1. maju mathew
2. Arun kumar KP
3. Amal km
4. Akhil km
5. Helan Biju
6. Jobina mA
7. Jeena mathew

പ്രവർത്തനം:
പേര് : പിറന്നാളിനൊരു സമ്മാനം- പുസ്തകം.
മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം. | ക്ലാസ്സ് ടീച്ചറും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം വീതം ക്ലാസ്സ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. [illegible] ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞേക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | - |

പ്രവർത്തനം:
പേര് : ദിനാചരണങ്ങൾ
മേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | തീയതി-യനുസരണം. | എസ്. ആർ. ജി | - |

പ്രവർത്തനം:
പേര് : കാരണവക്കൂട്ടം.
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയപരിസരത്ത് താമസിക്കുന്ന 75 വയസ്സിനു മുകളിൽ പ്രായമായവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം ചെയ്യുന്നു. | വർഷത്തിൽ ഒന്ന് വീതം. | എസ്. ആർ. ജി & പി. ടി. എ. | - |

17

പ്രവർത്തനം:
പേര് : ജൈവ വൈവിധ്യ പാർക്ക്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ) |

പ്രവർത്തനം:
പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ. പഠനപുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം, പൊതുചർച്ച etc. | പ്രതിമാസം (മാസം തോറും) | ക്ലാസ്ടീച്ചർ | - |

പ്രവർത്തനം:
പേര് : പോഷകാഹാര പരിപാടി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം. നൂൺ-മീൽ കമ്മിറ്റി | 10000/- സി.എസ്.ആർ ഫണ്ട് |

18

മേഖല:- അക്കാദമികം. വിഷയം: മലയാളം
(മേഖല)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ([illegible] ശ്രദ്ധ....) | Pre-Test. | June. | Class Teacher | - |
| | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ - എഴുതിയ കാർഡുകൾ. | June - July. | Class teachers | - |
| | വാക്യങ്ങൾ നിർമ്മിക്കൽ<br>വാക്യങ്ങൾ - വിപുലനം<br>ചിത്രം - അടിക്കുറിപ്പ് | June - August | Class teachers | - |
| | ചിത്രം - കഥ പറയൽ<br>ചിത്രം - കഥയെഴുതൽ<br>കഥ - പൂർത്തിയാക്കൽ | September - December | Class teachers | - |
| | കഥാപുസ്തകം നൽകൽ<br>C.D. യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ. | January - March. | Class teachers | - |
| | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | February. | S.R.G | - |

19

മേഖല: അക്കാദമികം

(ഉപമേഖല) വിഷയം: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുക. | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ. | June. | Class teachers. | - |
| | വായനമൂല ഒരുക്കൽ | | | |
| | ക്ലാസ്സ് തല ലൈബ്രറി നവീകരണം. | June-July | Class teachers | - |
| | വായനോത്സവം സംഘടിപ്പിക്കൽ. | August | P.T.A. | - |
| | വായനാക്കുറിപ്പുകൾ തയ്യാറാക്കൽ. | September | Class teachers | - |
| | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം. | October November | All teachers P.T.A | - |
| | ക്ലാസ് സഭ | | Teachers | - |
| | സ്കൂൾ സഭ | June- | | |
| | ദിനാചരണങ്ങൾ | March. | Teachers | - |
| | വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ. | January | Teachers | - |
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | എഴുത്തുകൂട്ടം രൂപീകരണം. | June-February | Teachers | - |
| | പുസ്തക ചർച്ച. | February. | Teachers | - |

20

മേഖല : അക്കാദമികം    ഉപമേഖല (വിഷയം): മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആസ്വാദനവും സർഗാത്മകതയും വളർത്തുന്നതിന്. | ക്ലാസ് ലൈബ്രറി. | June. | Class teacher | – |
| | വായനാക്കുറിപ്പ് പതിപ്പ്. | July-August | class teacher | – |
| | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ. | September-December | class teacher | – |
| | ചുമർപത്രിക നിർമ്മാണം. | January | S.R.G. | – |
| | ആസ്വാദനക്കുറിപ്പ് മത്സരം. | | All teachers | – |
| സ്ഫുടമായ ഉച്ചാരണം. | പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കൽ. | One Year. | SRG. | – |
| രചനാപാടവം കണ്ടെത്തൽ | വ്യക്തിഗതരചന. | വർഷം മുഴുവൻ | | – |
| | സംഘരചന. | | | – |
| | കയ്യെഴുത്ത് മാസിക. | | | |
| ടാലന്റ് ലാബ് | കുട്ടികളുടെ കഴിവുകൾ കണ്ടെത്തി ഗ്രൂപ്പുകൾ തിരിക്കൽ. അഭിരുചിക്കനുസരിച്ചുള്ള കഥകളും ലേഖനങ്ങളും കവിതകളും തയ്യാറാക്കൽ. മികച്ച പരിശീലനത്തിനായി വിദഗ്ധരെ കണ്ടെത്തൽ. ഉത്സവവേദികളിൽ പങ്കെടുപ്പിക്കൽ. | [illegible] | [illegible] & Class teacher | Rs. 2000/- ([illegible]) |

21

മേഖല : അക്കാദമികം | ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ എല്ലാ കുട്ടികളും വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ. | A പഠനനിലവാരം കണ്ടെത്താൻ Pre-Test നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | June-July | English teacher | - |
| | A പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | July | Class teacher. | |
| | A English-ലുള്ള അസംബ്ലി | ആഴ്ചയിൽ 2 ദിവസം | HM & English teacher | |
| | A പതിപ്പുകൾ, മാഗസിൻ തയ്യാറാക്കൽ. | September-December. | class teacher | |
| | A English class Library, English Newspaper. | August മുതൽ | Class teacher | Rs. 2000/- (Sponsorship) |
| | A English Cultural activity. | മാസത്തിൽ 1 ദിവസം. | All teachers | |
| | A ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | | | |
| | A English ഭാഷയിൽ [illegible] ക്ലാസ്: | | | |

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായ ചിന്താശേഷിയെ പരിപോഷിപ്പിക്കൽ. | Pre- Test. | June | Class Teacher | – |
| | സംഖ്യാക്കളികൾ | June-July | Class Teacher | – |
| ഗണിതം - മധുരമാക്കൽ. | സംഖ്യാഗാനം | June-July | | |
| | മാന്ത്രികചതുരം | August | | |
| | സംഖ്യാ കൂടാരം | | | |
| | പസിലുകൾ | | | |
| ഗണിതലാബ് ശാക്തീകരണം | വിവിധ രൂപങ്ങളുടെ നിർമാണം. | September-March. | Teachers and P.T.A | – |
| | വസ്തുക്കൾ ശേഖരിക്കൽ. | | | |
| | മാതൃകകളുടെ നിർമാണം | October-November | | |
| | ചാർട്ടുകൾ | | | |
| | അളവുകൾ (ഉപകരണങ്ങൾ) | | | |
| | രൂപങ്ങൾ വരയ്ക്കൽ | | | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ഗണിത ക്ലബ്ബ് രൂപീകരണം | ഗണിത ക്വിസ് | July | Class Teacher | - |
| | ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. | | | |
| | ഗണിത പതിപ്പ് | January | SRG | - |
| | ഗണിത മാസിക നിർമ്മാണം | | | |

മേഖല: അക്കാദമികം                    ഉപമേഖല: പരിസ്ഥിതിപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ആവശ്യം |
|---|---|---|---|---|
| പ്രകൃതി നിരീക്ഷണം | ഫീൽഡ് ട്രിപ്പ് | June | Teachers - PTA | - |
| പ്രകൃതിസ്നേഹം | പൂന്തോട്ട നിർമ്മാണം | September | Teachers - MPTA | - |
| | പച്ചക്കറിത്തോട്ട നിർമ്മാണം | September | Teachers - MPTA | - |
| | ഔഷധത്തോട്ട നിർമ്മാണം | | | |
| | ശലഭോദ്യാനം | | PTA. Teachers | - |
| സയൻസ് ലാബ് രൂപീകരണം. | പരീക്ഷണനിർമ്മാണം. | October. November | Teachers. | - |
| | ശേഖരണം. | | | |
| | ജൈവവൈവിധ്യ പാർക്ക് | 3 years | Teachers - PTA | - |
| | ഉപകരണങ്ങളുടെ നിർമ്മാണം | June - February. | Teachers. | - |
| | മോഡലുകളുടെ നിർമ്മാണം | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സയൻസ് ക്ലബ്ബ് രൂപീകരണം. | ക്വിസ് | June | Teachers | - |
| | പ്രോജക്ട്സ്<br>മാതൃകകൾ<br>പതിപ്പുകൾ | July-March | Teachers | - |
| | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | | Teachers | - |
| | പൂന്തോട്ടം നിർമ്മിക്കൽ. | | Teachers & pupils. | - |

26

## IX പ്രതീക്ഷിത നേട്ടങ്ങൾ :

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## X മോണിട്ടറിംഗ് :-

→ ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

→ സോഷ്യൽ മോണിട്ടറിംഗ് സമിതി (പി.ടി.എ; എം.പി.ടി.എ; എസ്.എസ്.ജി, എസ്.ആർ.ജി എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.

→ ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടക്കണം.

## XI ഉപസംഹാരം:-

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹത്തായ പ്രക്രിയയിലുള്ള വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾതന്നെ ആവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ദുരന്തത്തിന് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ ഉണ്ടാകുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ പരിപാവനമായ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നമ്മളാൽ സാധ്യമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

## VIII. പദ്ധതി വിശദാംശങ്ങൾ :

പ്രവർത്തനം:
പേര് : ഹൈടെക് ക്ലാസ്സ്റൂമുകൾ　　മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഹൈടെക് ക്ലാസ്സ് വിദ്യാഭ്യാസം. വിദ്യാലയ പ്രവേശനം വർധിപ്പിക്കുക. | വിദ്യാലയം - ആധുനികസൗകര്യങ്ങളോടുകൂടിയ സ്മാർട്ട്-ക്ലാസ്സ്റൂമുകൾ | 12 മാസം | PTA & ഗവൺമെന്റ് | Rs.1,00,00,000 (ഒരു കോടി) ഗവൺമെന്റ് |

പ്രവർത്തനം :
പേര് : അധ്യാപക ശാക്തീകരണം　　മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| സ്കൂളിലെ എല്ലാ അധ്യാപകരും ശാക്തീകരണം നേടുന്നവരാകൽ | അക്കാദമിക കൂട്ടായ്മകളിൽ പങ്കാളിത്തം, സെമിനാർ പുസ്തക ചർച്ച ... | ജൂൺ - ഫെബ്രുവരി | SRG, Headmaster | Rs.10,000/- |

പ്രവർത്തനം :　　മേഖല : ഭൗതികം
പേര് : സ്കൂൾവാഹനത്തിൽ എല്ലാം യാത്ര.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| കുട്ടികൾക്ക് സുരക്ഷിതവും സുഗമവുമായി സ്കൂളിലെത്താനും തിരിച്ചുപോകാനും യാത്ര ചെയ്യൽ. | ഒരു സ്കൂൾ ബസ്സ് വാങ്ങൽ. | 6 മാസം | SRG കൺവീനർ, HM, PTA കമ്മിറ്റി | Rs. 25,00,000/- (M.P. Fund) |

12

പ്രവർത്തനം

പേര് : ഡൈനിംഗ് ഹാൾ (ഭോജനശാല)

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വവും ആരോഗ്യവും ചേർന്നുള്ള പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഭോജനശാല ഒരുക്കൽ | 4 വർഷം | പി.ടി.എ | 5 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം :

പേര് : ആധുനിക ശൗചാലയം

മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം | സൗകര്യ പ്രദമായ സ്ഥലത്ത് ആധുനിക സൗകര്യത്തോടുകൂടിയ ശൗചാലയങ്ങൾ നിർമിക്കൽ | 5 വർഷം | പി.ടി.എ | 10 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം :

പേര് : പ്രീ-പ്രൈമറി ചിൽഡ്രൻസ് പാർക്ക്.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിൽഡ്രൻസ് പാർക്ക് (ആനന്ദ) കളിക വിനോദ ഉപാധി ഒരുക്കൽ | ആകർഷകമായ രീതിയിൽ കുട്ടികൾക്ക് ആടാനും കളിക്കാനും ആവശ്യമായ ഉപകരണങ്ങളോടു കൂടിയ മിനി പാർക്ക്. | 5 വർഷം | പി.ടി.എ, എം.പി.ടി.എ. | 7 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

13

പ്രവർത്തനം :

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കായികപരിശീലനം ശക്തിപ്പെടുത്തൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം, കുട്ടികൾക്ക് ലഘു- ഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | പി.ടി.എ, കായിക അധ്യാപകർ | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം :

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗജന്യ വൈദ്യ പരിശോധന നടത്തൽ | വർഷ- ത്തിൽ രണ്ടു വീതം | എച്ച്.എം., പി.ടി.എ | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം :

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കാർഷിക സംസ്കൃതിയെ വീണ്ടെ- ടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധ- ത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷ- ത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി, എം.പി.ടി.എ. | 5000/- (കൃഷിഭവൻ) |

14

പ്രവർത്തനം :
പേര് : പാഠ്യേതരം
മേഖല : സാമൂഹികം / ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ ജീവനക്കാർ ഭക്ഷണപ്പൊതികൾ കൊണ്ടുവന്ന് സമീപത്തുള്ള വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്ക് എത്തിച്ചുകൊടുക്കൽ | വർഷത്തിൽ 2 പ്രാവശ്യം (ഓണം, ക്രിസ്മസ്) | എസ് ആർ ജി | — |

പ്രവർത്തനം :
പേര് : പൂർവ വിദ്യാർത്ഥി സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ, അവരുടെ മേഖലയിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | എസ് ആർ ജി | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം :
പേര് : പൂർവാധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവാധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ. | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് സെക്രട്ടറി | Rs. 3000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം:

പേര് : പി.ടി.എ & എം.പി.ടി.എ വാർഷികോത്സവം.

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം ദൃഢമാക്കൽ | പി.ടി.എ, എം.പി.ടി.എ, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികളുടെ സർഗ്ഗോത്സവമായി ചേർത്ത് | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ | 15000/- [പി.ടി.എ ഫണ്ട്] |

പ്രവർത്തനം :

പേര് : പുസ്തക സമാഹരണം.

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘങ്ങൾ വായനയുടെ പ്രാധാന്യം വിളിച്ചോതുന്ന മുദ്രാവാക്യങ്ങളുമായി സ്കൂളിനു പരിസരത്തുള്ള വീടുകൾ സന്ദർശിച്ച് ആവശ്യമായ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി ക്ലാസ് ടീച്ചേഴ്സ് | — |

പ്രവർത്തനം :

പേര് : അയൽ സ്കൂളിലേക്ക് സൗഹൃദസന്ദർശനം.

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൗഹൃദം സ്ഥാപിക്കുക, കൂട്ടുകാരുടെ ആശയങ്ങൾ ആസ്വദിക്കാൻ | വിശേഷദിവസങ്ങളിൽ നടക്കുന്ന ആഘോഷം സ്കൂളിലേക്ക് [illegible] അവിടെ നടന്ന് [illegible] ഇടപഴകുന്നതിലൂടെ സൗഹൃദങ്ങൾ ഉണ്ടാക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | - |